A

706

# സമഗ്ര ശിക്ഷാ കേരളം
## വാർഷിക മൂല്യനിർണ്ണയം 2024-2025
## അടിസ്ഥാനശാസ്ത്രം

ക്ലാസ്: 7 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1 മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

2 ആകെ 8 പ്രവർത്തനങ്ങളുണ്ട്. അതിൽ ഏതെങ്കിലും 6 പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതുക.

3 ഓരോ പ്രവർത്തനത്തിനും 5 സ്കോർ വീതമാണ് നൽകിയിരിക്കുന്നത്.

**പ്രവർത്തനം 1**

**"എന്റെ പ്രദേശത്തെ മലിനീകരണ പ്രശ്നങ്ങൾ" എന്ന വിഷയവുമായി ബന്ധപ്പെട്ട് ഒരു കുട്ടി ചെയ്ത അന്വേഷണ പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടത് മണ്ണ്, ജലം, വായു എന്നീ മൂന്നു മേഖലകളുടെ മലിനീകരണത്തെ സംബന്ധിച്ചാണ്.**

എ) ഓരോ മേഖലയുമായി ബന്ധപ്പെട്ട് ഈ പ്രോജക്ട് തയ്യാറാക്കുന്നതിന് ഗൃഹസന്ദർശന സമയത്ത് കുട്ടി ചോദിക്കാവുന്ന ഓരോ ചോദ്യങ്ങളെഴുതുക.

ബി) മാലിന്യമുക്ത ഹരിത വിദ്യാലയമാക്കി മാറ്റുന്നതിന് ഏറ്റെടുക്കേണ്ട രണ്ടു പ്രവർത്തനങ്ങൾ എഴുതുക.

സി) ഹരിതകർമ്മസേന നിർവഹിക്കുന്ന രണ്ടു സേവനങ്ങൾ എഴുതുക.

**പ്രവർത്തനം 2**

**ഒരു കുട്ടി ചെയ്ത പരീക്ഷണത്തിന്റെ ഫലം രേഖപ്പെടുത്തിയ പട്ടിക പരിശോധിക്കുക.**

| ഗ്ലാസ് 1 | ഗ്ലാസ് 2 |
|---|---|
| ജലത്തിലേക്ക് തേൻ ഒഴിച്ചപ്പോൾ അതു ജലത്തിൽ ലയിച്ചു ചേർന്നു. | ജലത്തിലേക്ക് തേൻ ഒഴിച്ചപ്പോൾ അടിത്തട്ടിൽ അടിഞ്ഞുകൂടി. |
| കോട്ടൺതുണി തേനിൽ മുക്കി കത്തിച്ചപ്പോൾ പൊട്ടലും ചീറ്റലുമുണ്ടായി | കോട്ടൺതുണി തേനിൽ മുക്കി കത്തിച്ചപ്പോൾ നന്നായി കത്തുകയുണ്ടായി |
| തേൻ ചേർത്ത ജലത്തിന് രുചിവ്യത്യാസമുണ്ട് | തേൻ ചേർത്ത ജലത്തിന് രുചി വ്യത്യാസമില്ല |

എ) ഏതു ഗ്ലാസ്സിലെ തേനിനാണ് ഗുണനിലവാരമുള്ളത്? നിങ്ങളുടെ അഭിപ്രായത്തെ സമർഥിക്കുക.

ബി) മഞ്ഞൾപ്പൊടിയിൽ മായം ചേർത്തിട്ടുണ്ടോ എന്നു കണ്ടെത്തുന്നതിന് ഒരു പരീക്ഷണം രൂപകൽപന ചെയ്യുക.

സി) ആഹാരവസ്തുക്കളിൽ, അവയോടു സാദൃശ്യമുള്ളത് ചേർക്കുന്നതും മായം ചേർക്കലാണ്. മറ്റെന്തെല്ലാം കാര്യങ്ങൾ മായം ചേർക്കലിൽ ഉൾപ്പെടുന്നുവെന്ന് എഴുതുക.

**പ്രവർത്തനം 3**

**പട്ടിക പരിശോധിക്കുക.**

| വസ്തു | ആസിഡിലെ നിറം | ആൽക്കലിയിലെ നിറം |
|---|---|---|
| A | ഇളംപിങ്ക് | ഇളം മഞ്ഞ |
| B | നിറമില്ല | പിങ്ക് |
| C | ചുവപ്പ് | നീല |
| D | ചുവപ്പ് | നീല |

എ) മുകളിൽ കൊടുത്തിരിക്കുന്ന A, B, C, D എന്നിവ സൂചകങ്ങളായി ഉപയോഗിക്കുന്നു. അവ ഏതെന്ന് പട്ടിക പരിശോധിച്ച് എഴുതുക.

ബി) രണ്ടു പ്രകൃതിദത്ത സൂചകങ്ങളുടെ പേരും അവയ്ക്ക് ആസിഡിലും ആൽക്കലിയിലുമുണ്ടാകുന്ന നിറം മാറ്റവും എഴുതുക.

സി) തൈരിൽ കാണുന്ന ബാക്ടീരിയ ഏത്?

a) ലാക്ടോ ബാസിലസ്

b) കോളിഫോം

c) റൈസോബിയം

**പ്രവർത്തനം 4**

**ലോകഭക്ഷ്യദിനത്തോടനുബന്ധിച്ച് ആരോഗ്യവകുപ്പ് നൽകിയ സന്ദേശമാണ് താഴെ കൊടുത്തിരിക്കുന്നത്.**

***വൃത്തിയുള്ളതും സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം എല്ലാവരുടെയും അവകാശമാണ്. ശുചിത്വമാണ് ഏറ്റവും പ്രധാനം. ആഹാരം വിളമ്പുന്നതിനും കഴിക്കുന്നതിനും മുൻപ് കൈ സോപ്പ് ഉപയോഗിച്ച് കഴുകണം.***

എ) ശുചിത്വവുമായി ബന്ധപ്പെട്ടു നൽകാൻ സാധ്യതയുള്ള മറ്റ് ഏതെങ്കിലും നാലു നിർദേശങ്ങളെഴുതുക.

ബി) പാൽ കേടുകൂടാതെ സൂക്ഷിക്കുന്ന ശാസ്ത്രീയരീതിയുടെ പേരെന്ത്? വിശദീകരിക്കുക.

സി) മത്സ്യം കേടുകൂടാതിരിക്കാൻ ഉപയോഗിക്കുന്ന ഐസ് ദീർഘനേരം അലിഞ്ഞുപോകാതിരിക്കാൻ ചേർക്കുന്ന രാസവസ്തു ഏത്?

a) അമോണിയം ക്ലോറൈഡ്

b) അമോണിയം ഹൈഡ്രോക്സൈഡ്

c) അലുമിനിയം ഹൈഡ്രോക്സൈഡ്

**പ്രവർത്തനം 5**

**മനുഷ്യരിലെ വ്യത്യസ്തയിനം പല്ലുകളാണ് ഉളിപ്പല്ല്, കോമ്പല്ല്, ചർവണകം, അഗ്രചർവണകം**

എ) ഇതിൽ സസ്യഭോജികൾക്ക് ആവശ്യമില്ലാത്തത് ഏതാണ്?

ബി) ആഹാരത്തിന് ആമാശയത്തിൽ വച്ചു നടക്കുന്ന മാറ്റങ്ങളെന്തെല്ലാം?

സി) ചെറുകുടലിന്റെ ആദ്യഭാഗത്തു വച്ച് ഭാഗികമായി ദഹിച്ച ആഹാരവുമായി കലരുന്ന ദഹനരസങ്ങൾ എവ? ഇവ ഉൽപാദിപ്പിക്കുന്ന ദഹനഗ്രന്ഥികൾ എവ?

**പ്രവർത്തനം 6**

**ഒരു കുട്ടിയുടെ സ്റ്റീൽ ചോറ്റുപാത്രം മുറുകിയടഞ്ഞുപോയി. ടീച്ചറിന്റെ സഹായത്തോടെ പാത്രത്തിന്റെ അടപ്പു ചൂടാക്കി തുറന്നു.**


എ) ഖരവസ്തുക്കളിലെ താപവുമായി ബന്ധപ്പെട്ട ഏതു പ്രത്യേകതയാണ് ഇവിടെ പ്രയോജനപ്പെടുത്തിയത്?

ബി) ദ്രാവകം, വാതകം എന്നീ അവസ്ഥകളിൽ താപവുമായി ബന്ധപ്പെട്ട് ചോറ്റുപാത്രത്തിൽ സംഭവിച്ചതുപോലുള്ള ഓരോ സന്ദർഭം എഴുതുക.

സി) പാത്രം മുഴുവനായി ചൂടാക്കാതെ അടപ്പുമാത്രം ചൂടാക്കിയതിന്റെ കാരണമെന്ത്?

**പ്രവർത്തനം 7**

എ)




(1)



(2)



(3)



(4)

ചിത്രങ്ങൾ പരിശോധിച്ചല്ലോ? വിസർജനവുമായി ബന്ധപ്പെട്ട് ഈ അവയവങ്ങൾ നിർവഹിക്കുന്ന ധർമ്മം ഏത്? പട്ടിക പൂർത്തിയാക്കുക.

| അവയവത്തിന്റെ പേര് | വിസർജനവുമായി ബന്ധപ്പെട്ട ധർമ്മം |
|---|---|
| 1) വൃക്ക | a) .......................................... |
| 2) .................................. | b) വിയർപ്പ് |
| 3) ശ്വാസകോശം | c) .......................................... |
| 4) കരൾ | d) .......................................... |

ബി) വൃക്കകളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം.

സി) ശാരീരിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നത് ഏതു അവയവ വ്യവസ്ഥയാണ്?

പ്രവർത്തനം 8

എ) സൂര്യപ്രകാശം ചന്ദ്രനിൽ പതിക്കുന്ന ഭാഗത്തിന്റെ പകുതിഭാഗം ഭൂമിയിൽ നിന്ന് കാണുമ്പോൾ ഏതായിരിക്കും ദൃശ്യമാകുന്നത്?

a) ആ ദിവസം പൗർണ്ണമിയായിരിക്കും

b) ആ ദിവസം സൂര്യാസ്തമയ സമയത്ത് അർധചന്ദ്രനായിരിക്കും.

c) ആ ദിവസം അമാവാസിയായിരിക്കും.

d) ആ ദിവസം ചെറിയ ചന്ദ്രക്കല കാണും.

ബി) ചന്ദ്രന്റെ വൃദ്ധിക്കും ക്ഷയത്തിനും കാരണമെന്ത്?

സി) ചന്ദ്രന്റെ ഒരു ഭാഗം മാത്രമാണ് ഭൂമിക്ക് അഭിമുഖമായി വരുന്നത്. കാരണമെന്ത്?